>> ലേഖനം

● ജമാൽ കടന്നപ്പള്ളി

# പ്രവാചകനെ അനുസരിക്കൽ

**ദൈവം** ഭൂമിയിലേക്കയച്ച ലക്ഷത്തിലധികം ദൂതന്മാരിൽ അന്തിമനത്രെ മുഹമ്മദ് നബി(സ). തിരുദൂതരിൽ യഥാവിധി വിശ്വസിക്കാതെ നമ്മുടെ തൗഹീദ് പൂർത്തിയാവില്ല. അഥവാ തൗഹീദ് 'ലാ ഇലാഹ ഇല്ലല്ലാഹി'ൽ അവസാനിക്കുന്നില്ല; അതിന്റെ അനിവാര്യഘടകമായ 'മുഹമ്മദുർറസൂലുല്ലാഹ്' ചേരാതെ. അപ്പോൾ 'സാക്ഷാൽ ഏകദൈവമല്ലാതെ മറ്റൊരു ദൈവമില്ല; മുഹമ്മദ് ദൈവത്തിന്റെ അന്തിമ പ്രവാചകനാകുന്നു' എന്ന വിപ്ലവ സാക്ഷ്യവചനം മനസ്സിലേക്കിറക്കി നാവുകൊണ്ടുരുവിട്ട് ജീവിതം കൊണ്ട് അതിനെ സദാ ദൃഢീകരിക്കുന്നവനാണ് യഥാർഥ വിശ്വാസി.

പ്രവാചകത്വ വിശ്വാസത്തിന് പണ്ഡിതന്മാർ നാല് ഉപാധികൾ വെച്ചതായി കാണാം. സകല വിശദാംശങ്ങളോടും കൂടി വിശ്വസിക്കൽ, സമ്പൂർണമായി അനുസരിക്കൽ, യഥാവിധി പിൻപറ്റൽ, അതിയായി സ്നേഹിക്കൽ (ഈമാൻ, ഇത്വാഅത്ത്, ഇത്തിബാഅ്, ഹുബ്ബുർറസൂൽ) എന്നിവയാണവ.

അല്ലാഹുവിങ്കൽനിന്ന് നമുക്ക് ദിവ്യസന്ദേശം എത്തിച്ചുതന്ന ഒരു ദൂതൻ മാത്രമല്ല നബി(സ). പ്രത്യുത, തിരുമേനി നമ്മുടെ മാർഗദർശകനാണ്. അന്ത്യനാൾ വരേക്കുള്ള മനുഷ്യരുടെ മാതൃകാ പുരുഷനാണ്. സത്യത്തിന്റെ എക്കാലത്തെയും മാനദണ്ഡമാണ്. വിശുദ്ധ ഖുർആൻ ജനങ്ങൾക്ക് എത്തിച്ചുകൊടുത്ത ശേഷം രംഗത്തുനിന്ന് മാറുകയായിരുന്നില്ല പ്രവാചകൻ ചെയ്തത്. ഖുർആന്റെ പൊരുൾ ജീവിതത്തിലൂടെ അദ്ദേഹം അനുചരന്മാർക്ക് കാട്ടിക്കൊടുത്തു. ഒപ്പം വിശുദ്ധ ഖുർആന്റെ നിർദേശങ്ങൾക്കൊത്ത് അവർക്ക് തർബിയത്തും തസ്കിയത്തും നൽകി അവരെ സംഘടിപ്പിച്ചു. അതുവഴി ഭദ്രമായൊരു സമൂഹത്തെ പടുത്തുയർത്തുകയും മദീനയിൽ പ്രഥമ ഇസ്‌ലാമിക രാഷ്ട്രം നിർമിക്കുകയും ചെയ്തു.

നബി(സ)യുമായുള്ള നമ്മുടെ ബന്ധത്തിന്റെ ഒന്നാമത്തെ അടിത്തറ ഈമാൻ ആണ്. 'മുഹമ്മദുർറസൂലുല്ലാഹ്' എന്ന പ്രഖ്യാപനത്തിന്റെ കാതൽ ഈമാനത്രെ. അല്ലാഹുവിന്റെ പ്രഖ്യാപനങ്ങൾ ശ്രദ്ധിക്കുക: "ജനങ്ങളേ, മുഹമ്മദ് നിങ്ങളിലുള്ള പുരുഷന്മാരിലൊരുവന്റെയും പിതാവല്ല. പ്രത്യുത അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരിൽ അന്തിമനുമാകുന്നു. അല്ലാഹു സകല സംഗതികളും അറിവുള്ളവനല്ലോ" (*അൽഅഹ്സാബ്* 40). "അല്ലാഹുവിലും അവന്റെ ദൂതനിലും നിങ്ങൾക്കവതീർണമായിട്ടുള്ള വെളിച്ചത്തിലും വിശ്വസിക്കുവിൻ" (*അത്തഗാബുൻ* 8). പൂർവ പ്രവാചകന്മാരിലൂടെ അല്ലാഹു നൽകിയ ദൗത്യങ്ങളുടെ മൗലികാശയങ്ങൾ വിശുദ്ധ ഖുർആനും അംഗീകരിക്കുന്നുണ്ട്.

എല്ലാ സമൂഹങ്ങളിലേക്കും പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ടെന്നാണ് ഖുർആന്റ പ്രഖ്യാപനം. അതുകൊണ്ടുതന്നെ പ്രവാചകന്മാർക്കിടയിൽ വിവേചനം കൽപിക്കാൻ മുസ്‌ലിംകൾക്ക് പാടില്ല. പ്രവാചകദൗത്യത്തിന് വിരുദ്ധമായി പിൽക്കാല പുരോഹിതന്മാർ കെട്ടിയുണ്ടാക്കിയ വക്രീകരണങ്ങൾ അംഗീകരിക്കാനും മുസ്‌ലിംകൾക്ക് വയ്യ. അഥവാ എല്ലാ പ്രവാചകന്മാരും മൗലികമായി പ്രബോധനം ചെയ്തത് ദൈവേകത്വവും പരലോകബോധവുമത്രെ. പോയകാല വേദഗ്രന്ഥങ്ങളിലെല്ലാം അവയുടെ എരിഞ്ഞടങ്ങാത്ത കനലുകൾ കാണാവുന്നതാണ്. ഖുർആൻ പറഞ്ഞു: "യാതൊരു സമുദായവും അതിലൊരു മുന്നറിയിപ്പുകാരൻ വരാതെ കഴിഞ്ഞുപോയിട്ടില്ല" (*ഫാത്വിർ* 24). "ഞാനല്ലാതെ യാതൊരു ദൈവവുമില്ലാത്തതിനാൽ എനിക്കു മാത്രം നിങ്ങൾ വഴങ്ങി വണങ്ങി ജീവിക്കുക എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ താങ്കൾക്ക് മുമ്പ് നാം ഒരു ദൂതനെയും നിയോഗിച്ചിട്ടില്ല" (*അൽഅമ്പിയാഅ്* 25). ഇന്ത്യ ഉൾപ്പെടെ ലോകത്തിന്റെ എല്ലാ ഭാഗത്തും പ്രവാചകന്മാർ വന്നിട്ടുണ്ടാവണം. ബനൂ ഇസ്രാഈൽ പ്രവാചകന്മാരെ മാത്രമേ ഖുർആൻ പേരെടുത്തു പരാമർശിക്കുന്നുള്ളൂവെങ്കിലും അതിനപ്പുറത്തേക്കുകൂടി വിശുദ്ധ ഗ്രന്ഥം വെളിച്ചം വീശിയിട്ടുണ്ട്. "ചില പ്രവാചകന്മാരുടെ പേരുകൾ നാം താങ്കൾക്ക് പറഞ്ഞുതന്നു. ചിലരുടെ പേരുകൾ പറഞ്ഞുതന്നിട്ടില്ല" (*അന്നിസാഅ്* 164).

ദിവ്യസന്ദേശങ്ങളുടെ ഒടുവിലത്തേതാണ് മുഹമ്മദ് നബി(സ)ക്ക് ലഭിച്ച വിശുദ്ധ ഖുർആൻ. അഥവാ മുഹമ്മദ് നബി ദൈവത്തിന്റെ അന്തിമ ദൂതനാണ്. അദ്ദേഹത്തിന്റെ സന്ദേശം എല്ലാ

**അല്ലാഹുവിങ്കൽനിന്ന് നമുക്ക് ദിവ്യസന്ദേശം എത്തിച്ചുതന്ന ഒരു ദൂതൻ മാത്രമല്ല നബി(സ). പ്രത്യുത, തിരുമേനി നമ്മുടെ മാർഗദർശകനാണ്. അന്ത്യനാൾ വരേക്കുള്ള മനുഷ്യരുടെ മാതൃകാ പുരുഷനാണ്. സത്യത്തിന്റെ എക്കാലത്തെയും മാനദണ്ഡമാണ്. വിശുദ്ധ ഖുർആൻ ജനങ്ങൾക്ക് എത്തിച്ചുകൊടുത്ത ശേഷം രംഗത്തുനിന്ന് മാറുകയായിരുന്നില്ല പ്രവാചകൻ ചെയ്തത്. ഖുർആന്റെ പൊരുൾ ജീവിതത്തിലൂടെ അദ്ദേഹം അനുചരന്മാർക്ക് കാട്ടിക്കൊടുത്തു. ഒപ്പം വിശുദ്ധ ഖുർആന്റെ നിർദേശങ്ങൾക്കൊത്ത് അവർക്ക് തർബിയത്തും തസ്കിയത്തും നൽകി അവരെ സംഘടിപ്പിച്ചു.**

ലോകത്തേക്കും എല്ലാ കാലത്തേക്കും ബാധകമാണ്. അതുകൊണ്ടുതന്നെ പോയകാല പ്രവാചകന്മാരെ അംഗീകരിക്കുന്നവർ മുഹമ്മദ് നബി(സ)യെ കൂടി വിശ്വസിച്ചംഗീകരിക്കേണ്ടത് അവരുടെ മൗലിക ബാധ്യതയാണ്; യുക്തിയുടെ തേട്ടമാണ്. തന്റെ ദൗത്യപൂർണതയെക്കുറിച്ച് നബി(സ) വാക്കുകൾ കൊണ്ട് വരച്ചിട്ട ഒരു ചിത്രം കാണുക: "എന്റെയും മുമ്പുള്ള പ്രവാചകന്മാരുടെയും ഉപമ ഒരു മനുഷ്യന്റേതാണ്. അയാൾ ഒരു വീട് പണിതു മോടിപിടിപ്പിച്ചു സുന്ദരമാക്കി. ഒരു മൂലക്കല്ലിന്റെ സ്ഥാനം ഒഴിവാക്കിവെച്ചു. ആളുകൾ അതിനെ വലം വെക്കുകയും അതിന്റെ ഭംഗിയിൽ വിസ്മയം കൊള്ളുകയും ചെയ്തു. എന്തുകൊണ്ട് ഒരു കല്ല് വെച്ചില്ല? അവർ ചോദിച്ചു. ഞാനത്രെ ആ കല്ല്; ഞാൻ അവസാനത്തെ പ്രവാചകനാണ്" (ബുഖാരി).

## അനുസരണം

പ്രവാചകവിശ്വാസത്തിന്റെ രണ്ടാമത്തെ വശം നബി(സ)യെ നിരുപാധികം അനുസരിക്കലാണ്. അങ്ങനെ അനുസരിച്ചെങ്കിൽ മാത്രമേ നമ്മുടെ ജീവിത സംസ്കരണം പൂർണമാവൂ. "നിരക്ഷരന്മാർക്കിടയിൽ അവരിൽനിന്നുതന്നെ ഒരു ദൂതനെ നിയോഗിച്ചത് അവനാകുന്നു. അദ്ദേഹം അവർക്ക് അവന്റെ സൂക്തങ്ങൾ ഓതിക്കൊടുക്കുന്നു. അവരുടെ ജീവിതത്തെ സംസ്കരിക്കുന്നു. അവർക്ക് വേദവും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുന്നു. അവർ ഇതിനുമുമ്പ് തികഞ്ഞ ദുർമാർഗത്തിലായിരുന്നുവല്ലോ. (ഈ പ്രവാചകനിയോഗം) ഇനിയും അവരോട് ചേർന്നിട്ടില്ലാത്ത ജനങ്ങൾക്കുകൂടി ഉള്ളതാകുന്നു" (*അൽജുമുഅ* 2,3). "അല്ലാഹുവിന്റെ അനുമതിയോടുകൂടി അനുസരിക്കപ്പെടാൻ വേണ്ടിയല്ലാതെ ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (*അന്നിസാഅ്* 64). നബി(സ)യെ പൂർണമായി അനുസരിക്കാതിരുന്നാൽ കർമങ്ങൾ പാഴായിപ്പോകുമെന്നും വിശുദ്ധ ഖുർആൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്: "വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക. ദൈവദൂതനെയും അനുസരിക്കുക. നിങ്ങളുടെ കർമങ്ങളെ പാഴാക്കാതിരിക്കുക" (*മുഹമ്മദ്* 33). "നിന്റെ രക്ഷിതാവാണ, തങ്ങൾക്കിടയിലെ തർക്കങ്ങളിൽ നിന്നെ വിധികർത്താവാക്കുകയും നീ നൽകുന്ന വിധിതീർപ്പ് മനസ്സിൽ യാതൊരു വിഷമവും തോന്നാതെ പൂർണ സമ്മതത്തോടെ അംഗീകരിക്കുകയും ചെയ്യുന്നതുവരെ അവർ യഥാർഥ വിശ്വാസികളാവുകയില്ല തീർച്ച" (*അന്നിസാഅ്* 65).

പ്രവാചകൻ ഇഹലോകം വെടിഞ്ഞ ശേഷം അദ്ദേഹത്തിനുള്ള അനുസരണമെന്നത് ഖുർആനും സുന്നത്തും നിരുപാധികം പിൻപറ്റലാണെന്ന് പറയേണ്ടതില്ല. നബി(സ) അരുൾ ചെയ്തു: "രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങൾക്കായി ബാക്കി വെച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ ദൂതന്റെ ചര്യയും. അവ മുറുകെപ്പിടിക്കുന്ന കാലമത്രയും നിങ്ങൾ വഴിതെറ്റുകയില്ല" (ബുഖാരി). മാത്രമല്ല, സന്ദർഭമനുസരിച്ച് ഇസ്‌ലാമിക രാഷ്ട്ര നേതൃത്വവും അല്ലെങ്കിൽ ഇസ്‌ലാമിക സംഘടനാ നേതൃത്വവും ആയിരിക്കും ഈ സ്ഥാനത്ത് വരികയെന്നും ഖുർആനും സുന്നത്തും പഠിപ്പിച്ചിട്ടുണ്ട്. നബി(സ) അരുൾ ചെയ്യുന്നു: "(ഇസ്‌ലാമിക നേതൃത്വത്തിനുള്ള) അനുസരണ പ്രതിജ്ഞ കണ്ഠത്തിലില്ലാതെ മരണമടഞ്ഞവൻ അനിസ്‌ലാമിക മരണം വരിച്ചു" (മുസ്‌ലിം). "സംഘടിക്കുക, (നേതൃത്വത്തിന്റെ ശാസനകൾ) ശ്രദ്ധിക്കുക, അനുസരിക്കുക, പലായനം ചെയ്യുക, അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുക എന്നീ അഞ്ചു കാര്യങ്ങൾ ഞാൻ നിങ്ങളോട് കൽപിക്കുന്നു" (അഹ്മദ്). "സത്യവിശ്വാസികളേ, അല്ലാഹുവെ അനുസരിക്കുവിൻ. റസൂലിനെയും നിങ്ങളിൽനിന്നുള്ള നേതൃത്വത്തെയും അനുസരിക്കുവിൻ" (*അന്നിസാഅ്* 59). "ആർ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹുവിന്റെ അനുഗ്രഹഭാജനമായവരുടെ കൂടെ, അഥവാ പ്രവാചകന്മാരുടെയും സത്യവാന്മാരുടെയും രക്തസാക്ഷികളുടെയും സച്ചരിതരുടെയും കൂടെയാകുന്നു. എത്ര ഉൽകൃഷ്ടരായ സഖാക്കൾ! ഇതാകുന്നു അല്ലാഹുവിൽനിന്ന് ലഭിക്കുന്ന യഥാർഥ അനുഗ്രഹം. യാഥാർഥ്യം ഗ്രഹിക്കുന്നതിന് അല്ലാഹുതന്നെ മതിയായവനാകുന്നു" (*അന്നിസാഅ്* 69,70).

അനുസരണത്തെക്കുറിച്ച് പറയുമ്പോൾ 'നിരുപാധികം', 'സോപാധികം' എന്നീ സംജ്ഞകൾ സുപ്രധാനങ്ങളാണ്. അതായത് നാം നമ്മുടെ നാട്ടിലെ ഒരു സർക്കാർ ഉദ്യോഗസ്ഥനെ അനുസരിക്കുന്നത് സോപാധികമായാണ്, നിരുപാധികമല്ല. അഥവാ അയാൾ അധികാരമുള്ള ഉദ്യോഗസ്ഥനാണെന്ന ഉപാധിയുണ്ട്. അന്തിമ വിശകലനത്തിൽ അത് സാഹചര്യത്തിന്റെ സൃഷ്ടികൂടിയാണ്. എന്നാൽ ദൈവത്തിനും പ്രവാചകനുമുള്ള അനുസരണം ഇവ്വിധം ഉപാധികളൊന്നും കൂടാതെയുള്ള നിരുപാധികമായ അനുസരണമാണ്. മറ്റൊരുവിധം പറഞ്ഞാൽ നിയമനിർമാണത്തിന്റെ പരമാധികാരം അല്ലാഹുവിനു മാത്രം വകവെച്ചുകൊടുക്കുകയും തദടിസ്ഥാനത്തിലുള്ള തൗഹീദിലും രിസാലത്തിലും ആഖിറത്തിലുമൂന്നിയ ഒരു സാമൂഹികക്രമം കെട്ടിപ്പടുക്കാൻ പണിയെടുക്കുകയും ചെയ്യുന്നവരാണ് സത്യവിശ്വാസികൾ. എന്നാൽ പ്രസ്തുത സാമൂഹിക, നാഗരിക, രാഷ്ട്രീയ സംവിധാനം പൂർണമാകുന്നതിനുള്ള പരിശ്രമത്തിൽ നിലവിലുള്ള വ്യവസ്ഥിതിയെ അനുസരിക്കുന്നത് തെറ്റല്ല. എന്നല്ല, ഇത്തരം വേളകളിൽ നാടിന്റെ നിയമവാഴ്ച നമ്മെ സംബന്ധിച്ചേടത്തോളം അത്യാവശ്യ ഘടകമാണ്. മനുഷ്യന്റെ സമാധാനജീവിതത്തിനും ആശയപ്രചാരണ സ്വാതന്ത്ര്യത്തിനും അത് കൂടിയേ തീരൂ. അവ്യവസ്ഥയും അതിക്രമവും നിയമരാഹിത്യവും ഇസ്‌ലാം ഒരിക്കലും പൊറുപ്പിക്കുന്നില്ല.

ഇതിനുള്ള മികച്ച തെളിവത്രെ മക്കാ കാലഘട്ടത്തിൽ 'ഹുദൂൽകരാറി'നോട് നബി(സ) അനുവർത്തിച്ച നയം. പ്രവാചകത്വത്തിനു മുമ്പ് തിരുമേനിയും ഒപ്പു ചാർത്തിയ പ്രസ്തുത ഉടമ്പടിയിലെ വ്യവസ്ഥകൾ കാണുക: 1. രാജ്യത്തെ അസമാധാനാവസ്ഥ ഞങ്ങൾ അവസാനിപ്പിക്കുന്നതാണ്. 2. വഴിയാത്രക്കാർക്ക് സംരക്ഷണം നൽകുന്നതാണ്. 3. പാവങ്ങൾക്ക് സഹായം നൽകുന്നതാണ്. 4. മർദിതന് സംരക്ഷണം ഉറപ്പുവരുത്തുന്നതാണ്. 5. യാതൊരു അക്രമിയെയും മക്കയിൽ പൊറുപ്പിക്കുന്നതല്ല.

'ഹുദൂൽകരാറി'നെപ്പറ്റി നബി(സ)ക്ക് വലിയ അഭിമാനമുണ്ടായിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു. പ്രവാചകത്വത്തിനു ശേഷം നബി(സ) പറഞ്ഞു: "ഈ ഉടമ്പടിക്കു പകരം എനിക്ക് മേത്തരം ചുവന്ന ഒട്ടകത്തെ തന്നെ നൽകിയാലും ഞാനവ സ്വീകരിക്കില്ലായിരുന്നു. ഇന്നും ഇത്തരം ഒരു ഉടമ്പടിക്ക് ആരെങ്കിലും എന്നെ ക്ഷണിക്കുകയാണെങ്കിൽ ഞാനതിന് സന്നദ്ധനാവും". ചുരുക്കത്തിൽ വ്യക്തിതലം മുതൽ സാമൂഹിക, രാഷ്ട്രീയ, നാഗരികതലം വരെ, ജീവിതത്തിന്റെ സമഗ്രമേഖലകളിലും നാം നബി(സ)യെ നിരുപാധികം അനുസരിക്കാൻ ബാധ്യസ്ഥരാണ്. ■